# Madhyamam

## Largest Mantri Square Mall

**Date: 16-03-2010 | Edition: Bangalore | Page: 3 | Source: Bureau | Clip size (cm): W: 8 H: 6**

**Clip: 1 of 1**

# ഇന്ത്യയിലെ ഏറ്റവും വലിയ ഷോപ്പിംഗ് മാൾ ബംഗളൂരുവിൽ

ബംഗളൂരു: ഇന്ത്യയിലെ ഏറ്റവും വലിയ ഷോപ്പിംഗ് മാൾ ബംഗളൂരുവിൽ ഇന്ന് മുഖ്യമന്ത്രി ബി.എസ് യെദിയൂരപ്പ ഉദ്ഘാടനം ചെയ്യുന്നു. 500ഓളം കോടി രൂപ ചെലവിൽ മല്ലേശ്വരത്തിന് സമീപം മന്ത്രി ഗ്രൂപ്പ് ആരംഭിച്ച 17 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള മാളിൽ 10 ലക്ഷം ചതുരശ്ര അടി പൂർണമായും മാളിനാണ് ഉള്ളത്. 252 റീട്ടെയിൽ ഷോപ്പുകളുള്ള മാളിൽ വിശാലമായ വാഹന പാർക്കിംഗ് സൗകര്യങ്ങളും ഉണ്ട്. ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ ബ്രാൻഡുകളുടെയെല്ലാം ഉൽപന്നങ്ങൾ ലഭ്യമാകുമെന്ന് മന്ത്രി ഡെവലപേഴ്സ് സി.എം.ഡി സുശീൽ മന്ത്രി പറഞ്ഞു. 4600ഓളം പേർക്ക് നേരിട്ട തൊഴിൽ ലഭിക്കുന്ന സംരംഭത്തിൽ 10000 ബ്രാൻഡുകളുടെ ഉൽപന്നങ്ങൾ ലഭ്യമാകും. 1800 കാറുകളും 550 ഇരുചക്ര വാഹനങ്ങളും പാർക്ക് ചെയ്യാനുള്ള സൗകര്യമാണ് ഉള്ളത്.